## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2331** | **08/12/2015 ൽ മറുപടിയ്ക്ക്**

### ഖാദി വ്യവസായ നവീകരണം

| **ചോദ്യം**<br>**ശ്രീ.സി.കൃഷ്ണൻ** | **ഉത്തരം**<br>**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**<br>**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ഗോപിനാഥൻ നായർ കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഏതെല്ലാം കർമ്മ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ നടപ്പാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികളാണ് ഖാദി ബോർഡ് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളും വഴി നടപ്പാക്കുന്നത്.<br>1. ചർക്കകൾ സ്ഥാപിക്കൽ<br>2. തറികൾ സ്ഥാപിക്കൽ<br>3. പരിശീലനം നൽകൽ<br>4. റെഡിമെയ്ഡ് പാവ് യൂണിറ്റ് സ്ഥാപിക്കൽ<br>5. പുതിയ വർക്ക് ഷെഡ് സ്ഥാപിക്കൽ<br>6. നിലവിലെ വർക്ക് ഷെഡ് റിപ്പയർ നടത്തൽ<br>7. പ്രവർത്തന മൂലധനം നൽകൽ<br>8. ഡൈ ഹൈഡുകൾ സ്ഥാപിക്കൽ<br>9. കോട്ടൺ ഗോഡൌൺ സ്ഥാപിക്കൽ<br>10. സിൽക്ക് യൂണിറ്റ് സ്ഥാപിക്കൽ. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കുമോ ; | (ബി) 2012-13 വർഷം 96 ലക്ഷം രൂപയും 2013-14 വർഷം 1425 ലക്ഷം രൂപയും ചേർത്ത് ആകെ 1521 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. ആയതു സംസ്ഥാനത്തെ എല്ലാ ഖാദി |

സ്ഥാപനങ്ങൾക്കും (ഖാദി ബോർഡ് ഉൾപ്പെടെ) താഴെ പറയും പ്രകാരം വിനിയോഗിച്ചു.

| | |
|---|---|
| 1.ചർക്കകൾ വാങ്ങുന്നതിന് | 117 ലക്ഷം |
| 2.തറികൾ വാങ്ങുന്നതിന് | 260 ലക്ഷം |
| 3.പരിശീലനം | 78 ലക്ഷം |
| 4.റെഡിമെയ്ഡ് പാവ് യൂണിറ്റ് | 160 ലക്ഷം |
| 5.പുതിയ വർക്ക് ഷെഡ് | 225 ലക്ഷം |
| 6.നിലവിലെ വർക്ക് ഷെഡ് റിപ്പയർ | 180 ലക്ഷം |
| 7.പ്രവർത്തന മൂലധനം | 376 ലക്ഷം |
| 8.രണ്ട് ഡൈഹൌസ് സ്ഥാപിക്കൽ | 50 ലക്ഷം |
| 9.കോട്ടൺ ഗോഡൌൺ സ്ഥാപിക്കൽ | 50 ലക്ഷം |
| 10.സിൽക്ക് യൂണിറ്റ് ആരംഭിക്കൽ | 25 ലക്ഷം |

| | | |
|---|---|---|
| (സി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഖാദി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;വിശദമാക്കുമോ ? | (സി) ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഖാദി ബോർഡിന്റെ കീഴിലും സംസ്ഥാനത്തെ മറ്റു ഖാദി സ്ഥാപനങ്ങളുടെ കീഴിലും പ്രവർത്തിക്കുന്ന ഉല്പാദന കേന്ദ്രങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട ചർക്കകളും, തറികളും മറ്റ് അടിസ്ഥാന സൌകര്യങ്ങളും സ്ഥാപിച്ചതിന്റെ ഫലമായി ഉല്പാദനം വർദ്ധിക്കുകയും ആനുപാതികമായി തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ കൂടുതൽ ഖാദി ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും ഇടയായി. |

അതായത് സംസ്ഥാനത്ത് ഖാദി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തോടെ ഇനിയും കൂടുതൽ ഉല്പാദനവും തൊഴിലവസരങ്ങളും ഉണ്ടാകുന്നതാണ്.

സെക്ഷൻ ഓഫീസർ